Draft #50 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 19-Jan-2023 12:50 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകുന്നത് - വ്യവസ്ഥകൾ ഏർപ്പെടുത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 785/AD A1/2023/എം.ജി.യു   പ്രിയദർശിനി ഹിൽസ്,തീയതി: 19.01.2023

---

*പരാമർശം:*-1. വൈസ് ചാൻസലറുടെ 18.01.2023-ലെ വി.സി.702/01/010/2023 നമ്പർ കുറിപ്പ്.
2. കേരള സർവ്വീസ് ചട്ടം, ഭാഗം 1, ചട്ടം 53.
3. സർക്കാർ ഉത്തരവ് (P) നമ്പർ 88/2017/Fin., തീയതി 11.07.2017.

**ഉത്തരവ്**

സെക്ഷൻ ഓഫീസർ മുതൽ മുകളിലേക്കുള്ള റാങ്കിലെ ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിക്കുമ്പോൾ അധികചുമതല നൽകുന്നതിന് താഴെപ്പറയും പ്രകാരം വ്യവസ്ഥകൾ ഏർപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. സെക്ഷൻ ഓഫീസർ മുതൽ മുകളിലേക്കുള്ള റാങ്കിലെ ഉദ്യോഗസ്ഥർ 14 ദിവസത്തിന് മുകളിൽ അവധിയിൽ പ്രവേശിക്കുന്ന സാഹചര്യത്തിൽ മറ്റൊരു ഉദ്യോഗസ്ഥന് അധികചുമതല നൽകേണ്ടതാണ്.

2. ടി ജീവനക്കാർ 14 ദിവസത്തിന് താഴെ അവധിയിൽ പ്രവേശിക്കുന്ന സാഹചര്യത്തിൽ അധികചുമതല നൽകേണ്ടതില്ല. പകരം അവധിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥൻറെ അഭാവത്തിൽ കീഴുദ്യോഗസ്ഥർ തൊട്ടടുത്ത മേലുദ്യോഗസ്ഥന് ഫയലുകൾ കൈമാറേണ്ടതാണ്. ടിയാളുടെ അഭാവം ഉണ്ടാകുന്നപക്ഷം ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർ ഫയൽ 'Pull' ചെയ്ത് ഉത്തരവ് നൽകേണ്ടതും മേലധികാരികൾക്ക് സമർപ്പിക്കേണ്ടതുമാണ്.

3. ഒരു ഓഫീസിൻറെ കീഴിൽ ഒരേ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് അധികചുമതല നൽകുന്ന പക്ഷം ചാർജ് അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല.

4. ഒരു ഓഫീസർക്ക് അധികചുമതല നൽകുന്ന തസ്തിക ടിയാളുടെ സ്ഥിരം തസ്തികയെക്കാളും മുകളിലുള്ളതാണെങ്കിൽ ചാർജ് അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

5. ഡിജിറ്റൽ ഡിഗ്രി ചുമതലയുള്ള ഉദ്യോഗസ്ഥരുടെ അവധിയിന്മേൽ അധികചുമതലകൾ സംബന്ധിച്ച് ഐ.ടി. വിഭാഗം ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

6. സർവ്വകലാശാലാ അദ്ധ്യാപകർ, ബ്രാഞ്ച് ഓഫീസർമാർ, പ്രൊ വൈസ് ചാൻസലർ, വൈസ് ചാൻസലർ എന്നിവരുടെ അവധിയിന്മേൽ നൽകുന്ന അധികചുമതലയ്ക്ക് ഈ ഉത്തരവ് ബാധകമായിരിക്കുന്നതല്ല.

7. ചാർജ് അലവൻസ് സംബന്ധിച്ച് പരാമർശം (2), (3) പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾ, പഠനവകുപ്പുകൾ, സെൻററുകൾ
2. വൈസ് ചാൻസലർ /പ്രൊ -വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/ധനകാര്യം/പരീക്ഷ/അക്കാദമികം )
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം ജി സർവ്വകലാശാല
6. പി. ആർ. ഒ / ഐ.ക്യു.എ.സി./ഐ.ടി.സെൽ 1/2 / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #50 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 19-Jan-2023 12:50 PM - Page 2